# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.114** **27.02.2017-ൽ മറുപടിയ്ക്ക്**

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ: | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തലസ്ഥാനത്ത് ലൈറ്റ് മെട്രോ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് 11.09.2015-ലെ ജി.ഒ.(എം.എസ്) 74/2015/പി.ഡബ്ല്യു.ഡി പ്രകാരം സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി. കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി റിപ്പോർട്ടും, സമഗ്രഗതാഗത രൂപരേഖയും സമർപ്പിച്ചിട്ടുണ്ട് ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.യെ നിയമിച്ചിട്ടു ണ്ട്. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനോടനു ബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ശ്രീകാര്യം, പട്ടം, ഉള്ളൂർ, എന്നീ ഫ്ളൈ ഓവറുകളുടെ ഡി.പി.ആറുകൾക്ക് വിശദ പഠന ത്തിനു ശേഷം സംസ്ഥാന സർക്കാർ 08.09.2016-ലെ ജി.ഒ.(എം.എസ്.)നം.67/2016/പി.ഡബ്ല്യൂ.ഡി, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ജി.ഒ. പ്രകാരം 272.84കോടി രൂപ ചെലവുവരുന്ന പദ്ധതിക്ക് 2.77ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നീ ഫ്ളൈ ഓവറുകളുടെ സ്ഥലമേറ്റെടുപ്പിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. കഴക്കൂട്ടം മുതൽ കേശവദാസപുരം വരെ 6.7543 ഹെക്ടർ സ്ഥലം റോഡ് വികസപ്പിക്കുന്നതിന് എടുക്കുന്നതിന് ഉത്തരവായി. |
| (ബി) | ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം നഗര ത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനുള്ള ഡി.എം.ആർ.സി തയ്യാറാക്കിയ വിശദ പദ്ധതിരേഖ സർക്കാർ അംഗീകരിച്ച് 11.09.2015-ലെ ജി.ഒ.(എം.എസ്) 74-2015-പി.ഡബ്ല്യൂ.ഡി പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. പദ്ധതിയുടെ ആകെ അടങ്കൽ തുക 4219 കോടി (കേന്ദ്രനികുതി ഉൾപ്പടെ) രൂപയാണ്. ഡി.പി.ആർ പ്രകാരം തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി, പള്ളിപ്പുറം, കണിയാപുരം, കഴക്കൂട്ടം, കഴക്കൂട്ടം ജംഗ്ഷൻ, കാര്യവട്ടം, ഗുരുമന്ദിരം, പാങ്ങപ്പാറ, ശ്രീകാര്യം, പോങ്ങുംമൂട്, ഉള്ളൂർ, കേശവദാസപുരം, പട്ടം, പ്ലാമൂട്, പാളയം, സെക്രട്ടേറിയേറ്റ്, തമ്പാനൂർ, |

| | | | |
|---|---|---|---|
| | | | കിള്ളിപ്പാലം, കരമന എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊ ണ്ട് 21.821 കി.മി., 19 സ്റ്റേഷനുകളോടെയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ ആ ദ്യ ഘട്ടം രൂപകല്പന ചെയ്തിട്ടുള്ളത്. ലൈറ്റ് മെട്രോപദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും ക ണ്ടെത്തണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ബാക്കി 60% തദ്ദേശ /വിദേശ വായ്പ്പകൾ വഴി സ്വരൂപിക്കാനാണ് ഡി.പി.ആർ നിർദ്ദേശിക്കുന്നത്. |
| (സി) | ആരെയാണ് ഈ പദ്ധതിയുടെ കൺസൾട്ടൻസിയായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.യെ നിയമിച്ചിട്ടുണ്ട് |
| (ഡി) | എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമി, 30.12.2016ലെ സഉ.(നം)607/16/റവ സർക്കാർ ഉത്തരവ് പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീകാര്യം, പട്ടം, ഉള്ളൂർ, എന്നീ ഫ്ളൈ ഓവറുകളുടെ സ്ഥലമേറ്റെടുപ്പി നുള്ള വിശദാംശങ്ങൾ തിരുവനന്തപുരം ജില്ലാകളക്ടർക്ക് കൈമാറിയിട്ടുണ്ട് പ ദ്ധതിയുടെ ഭാഗമായി അത്യാവശ്യം നടപ്പിലാക്കേണ്ട കഴക്കൂട്ടം-കേശവദാസപുരം പാതവിക സനത്തിനും ഭരണാനുമതി നൽകിക്കൊണ്ട് 16.1.2017 ലെ ജി.ഒ.(ആർ.റ്റി)നമ്പർ.79/17/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ